ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച നിവേദനമൊന്നും ലഭ്യമായിട്ടില്ല. തിക്കോടിയിൽ വേണ്ടത്ര സൗകര്യം ഇല്ലാത്തതുകൊണ്ട് കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററിന് മുകളിലായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററിനു മുകളിലായി പുതുതായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 2014-15-ലെ വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ഇരുപത് ലക്ഷം രൂപ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥല പരിമിതിമൂലമാണ് തിക്കോടിയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തത്.

ഡയറി സയൻസിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

202 (3178) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികൾക്ക് കീഴിൽ ഡയറി സയൻസിൽ ആകെ എത്ര ബിരുദ സീറ്റിലേക്കാണ് ഒരു വർഷം പ്രവേശനം നൽകുന്നതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കോഴ്സുകൾ നടത്തുന്നത് എവിടെയയൊക്കെയാണ് ; ഇതിനായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഡയറി സയൻസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ അതിനായി പുതുതായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഇ) നിലവിലുള്ള സൗകര്യത്തിൽ കൂടുതൽ ആളുകൾക്ക് പ്രവേശനം നൽകാൻ കഴിയുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 40 സീറ്റിലേക്ക്.

(ബി) മണ്ണുത്തിയിൽ 1993 മുതൽ കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. (40-ൽ നിന്ന് 100 ലേക്ക്)

(ഡി) മണ്ണുത്തി. ഡോ. വി. കെ. കര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) കഴിയും. മണ്ണുത്തി വെറ്ററിനറി കോളേജിലെ സൗകര്യങ്ങളും CAADECCS ബിൽഡിംഗ് സൗകര്യങ്ങളും ഇതിനായി ഉപയോഗിക്കുന്നതാണ്.

എം. മൊഹമ്മദ് ഇക്ബാലിന്റെ സ്ഥലം മാറ്റം

203 (3179) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റ് എം. മൊഹമ്മദ് ഇക്ബാലിനെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും കാര്യം ചൂണ്ടിയാണോ പ്രസ്തുത സ്ഥലത്തേക്ക് മാറ്റി നിയമിച്ചത് ;

ഉത്തരം

(എ & ബി) അച്ചടി വകുപ്പ് ഡയറക്ടറുടെ കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റ് ശ്രീ. എം. മൊഹമ്മദ് ഇക്ബാലിനെ അച്ചടി വകുപ്പ് ഡയറക്ടറുടെ 6-2-2015-ലെ ഉത്തരവ് പ്രകാരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് സ്ഥലം മാറ്റുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൻ മാപ്പപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ 6-2-2015-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ടിയാനെ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ തന്നെ നിലനിർത്തിക്കൊണ്ട് ടിയാനിൽനിന്നും വിശദീകരണം വാങ്ങി അച്ചടക്കനടപടി തുടരുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly